# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.വത്സല.ജി യുടെ ഭർത്താവ് ശ്രീ.ഡി.തുളസീധരന്റെ നട്ടെല്ല് സംബന്ധമായ ചികിത്സയ്ക്കായി 1,14,290/- രൂപ (ഒരു ലക്ഷത്തി പതിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറു രൂപാ മാത്രം) പലിശരഹിത മെഡിക്കൽ അഡ്വാൻസായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 565/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 08/03/2019

പരാമർശം :
1) തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിൽ നിന്നും നൽകിയിട്ടുള്ള 08/03/2018 തീയതിയിലെ MRD/SCTMST/2018/1441 നമ്പർ മെഡിക്കൽ സർട്ടിഫിക്കറ്റ്.
2) ശ്രീമതി.വത്സല.ജി യുടെ 23/03/2018 തീയതിയിലെ പലിശരഹിത മെഡിക്കൽ അഡ്വാൻസ് അപേക്ഷ.
3) തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 07/06/2018 തീയതിയിലെ ജിസി4/32392/2018 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 03/07/2018, 23/11/2018 തീയതികളിലെ ഡിസി1-14379/2018 നമ്പർ കത്തുകൾ.

## ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.വത്സല.ജി യുടെ ഭർത്താവ് ശ്രീ.ഡി.തുളസീധരന്റെ നട്ടെല്ല് സംബന്ധമായ ചികിത്സയ്ക്കായി തിരുവനന്തപുരം ശ്രീചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിൽ നിന്നും നൽകിയിട്ടുള്ള പരാമർശം (1) പ്രകാരമുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, 1,14,290/- രൂപ (ഒരു ലക്ഷത്തി പതിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറു രൂപാ മാത്രം) പലിശരഹിത മെഡിക്കൽ അഡ്വാൻസായി അനുവദിക്കുന്നതിലേയ്ക്കായി പരാമർശം (2) പ്രകാരമുള്ള ടിയാളുടെ അപേക്ഷ, നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.വത്സല.ജി യുടെ ഭർത്താവ് ശ്രീ.ഡി.തുളസീധരന്റെ നട്ടെല്ല് സംബന്ധമായ ചികിത്സയ്ക്കായി 1,14,290/- രൂപ (ഒരു ലക്ഷത്തി

പതിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറു രൂപാ മാത്രം), ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടറും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയും പരിശോധിച്ച് ഉറപ്പുവരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിൽ, ശ്രീമതി.വത്സല.ജി യുടെ ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കുന്ന അതേ ശീർഷകത്തിൽ നിന്ന് ചെലവഴിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചുകൊണ്ട്, തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും പലിശരഹിത മെഡിക്കൽ അഡ്വാൻസായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ